No. PL 1/2025 25-03-2025

# സർക്കുലർ

ബഹുമാനപ്പെട്ട വൈദികരെ, സന്യസ്തരെ, പ്രിയ വിശ്വാസികളെ,

ആണ്ടുവട്ടത്തിലെ ഒരു പക്ഷേ ഏറ്റവും അനുഗ്രഹീതമായ കാലമാണല്ലോ വലിയ നോമ്പുകാലം. സാധാരണ ജീവിതത്തിൽ നാം ഏറ്റുവാങ്ങുന്ന ആത്മീയ പരിക്കുകളെ അനുതാപത്തിന്റെ ആലയിൽ സുഖപ്പെടുത്തുവാനും നമ്മുടെ എല്ലാ പ്രവർത്തനങ്ങളിലും കുറേക്കൂടി സ്നേഹം ചാലിക്കുവാനും നാം സംഘാതമായി യത്നിക്കുന്ന സമയമാണല്ലോ ഇത്. ഈയൊരു പ്രയത്നത്തിൽ സഭ മുഴുവന്റെയും പിന്തുണയും പിൻബലവും പ്രാർത്ഥനയും നമുക്ക് കൂട്ടായുണ്ട്. സാമാന്യം ദീർഘമായ ഈ നോമ്പുകാലം നമ്മുടെ ജീവിതാഭിമുഖ്യങ്ങളിലും സമർപ്പണങ്ങളിലും ആഴമുള്ള, സ്ഥായിയായ മാറ്റങ്ങൾ സംജാതമാക്കുവാൻ സഹായകമാണ്. വിശുദ്ധ നോമ്പിന്റെ ഗൗരവപൂർവ്വമായ അനുഷ്ഠാനം വഴി ജീവിതത്തിൽ ഗുണപരമായ ഈ വളർച്ച സ്വന്തമാക്കുവാൻ സഹായകമായ രീതിയിലാണ് നോമ്പിൻറെ എല്ലാ ഘടകങ്ങളെയും ക്രമീകരിച്ചിരിക്കുന്നത്. നമ്മുടെ ആരാധനക്രമം അനുസരിച്ചുള്ള നോമ്പിലെ പ്രാർത്ഥനകളുടെ പ്രധാനപ്പെട്ട ഊന്നൽ കുറെക്കൂടെ സ്നേഹിക്കുവാൻ സന്നദ്ധരാവുക, കുറേക്കൂടെ പരോൻമുഖരാകുക, കുറേക്കൂടെ കരുണയുള്ളവരാകുക എന്നുള്ളതാണ്.

നമ്മുടെ കർത്താവിൻറെ മനുഷ്യാവതാരത്തിന്റെ രണ്ടായിരത്തി ഇരുപത്തി അഞ്ചാം വാർഷികം ആഘോഷിക്കുന്ന ഈ ജൂബിലി വർഷത്തിൽ ആഗോള സഭ, പ്രത്യാശയുടെ തീർത്ഥാടകരാകുവാനാണ് നമ്മോട് ആഹ്വാനം ചെയ്യുന്നത്. നോമ്പുകാലം ആത്യന്തികമായി ക്രിസ്തുവിൻറെ ഉയിർപ്പ് സമ്മാനിക്കുന്ന പ്രത്യാശയുടെ ആഘോഷത്തിനുള്ള ഒരുക്കമാണ്. ഒരു ക്രിസ്ത്യാനിയുടെ വിശ്വാസത്തിന്റെയും ജീവിതത്തിന്റെയും നങ്കൂരം ക്രിസ്തുവിൻറെ ഉയിർപ്പാണ്. അതുകൊണ്ടുതന്നെ ഒരു ക്രിസ്ത്യാനിയുടെ മുഴുവൻ ജീവിതവും പ്രത്യാശയുടെ പ്രഘോഷണമാകണം. എന്നാൽ സമകാലീന മനുഷ്യസമൂഹത്തിൽ നിരാശയുടെയും മരണസംസ്കാരത്തിന്റെയും അടയാളങ്ങൾ ഭയാനകമാംവിധം വർദ്ധിച്ചുവരുന്നു. മനുഷ്യമനസ്സിന്റെ ബലം വല്ലാതെ ശോഷിക്കുന്നത്, മനുഷ്യൻ അനായാസേന ലഹരിവസ്തുക്കൾക്കും മയക്കുമരുന്നുകൾക്കും അടിമയാകുന്നത്, പെട്ടെന്നുള്ള വികാരക്ഷോഭത്തിൽ ആത്മഹത്യകളും കൊലപാതകങ്ങളും സാധാരണമാകുന്നത്, ഇവയെല്ലാം പ്രത്യാശയുടെ നിരാസമാണ്, മരണസംസ്കാരത്തിൻറെ അധീശത്തമാണ് പ്രതിഫലിപ്പിക്കുന്നത്. ഈയൊരു ദുരവസ്ഥയുടെ ഇരകളാകുന്നവരിൽ ഭൂരിഭാഗവും വിദ്യാർത്ഥികളും യുവജനങ്ങളുമാണ് എന്നുള്ളത് നമ്മെ കൂടുതൽ വേദനപ്പെടുത്തുന്നു. ഈ ഒരു സംസ്കാരത്തെ ബോധപൂർവ്വം പ്രതിരോധിക്കാതെ നമുക്ക് ആർക്കും നമ്മുടെ അടിസ്ഥാന ക്രൈസ്തവ നിയോഗമായ പ്രത്യാശയുടെ പ്രഘോഷകരാകുവാൻ സാധിക്കുകയില്ല.

മലങ്കര സുറിയാനി കത്തോലിക്ക സഭയെ സംബന്ധിച്ച് അതിൻറെ പുനരൈക്യ ശതാബ്ദി ആഘോഷത്തിനുള്ള ഒരുക്കത്തിന്റെ കാലയളവാണല്ലോ ഇത്. ഈ ഒരു വർഷം വിശേഷമായി വചനത്തിന്റെ ഉപാസകരാകുവാനുള്ള ആഹ്വാനമാണ് നാം ഏറ്റെടുത്തിരിക്കുന്നത്. നാം ഇന്ന് നേരിടുന്ന വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ എല്ലാ പ്രശ്നങ്ങളുടെയും ആത്യന്തികമായ പരിഹാരം വചനോപാസനയാണ്; ദൈവവചനത്തെ ഉള്ളിൽ വഹിച്ചുകൊണ്ട് വചന വെളിച്ചത്തിൽ ജീവിതവ്യാപാരങ്ങളെ പുനർക്രമീകരിക്കുക എന്നുള്ളതാണ്. ദൈവവചനത്തെ നമ്മുടെ ജീവിതത്തിൽ കുറേക്കൂടി ഗൗരവമായി പരിഗണിക്കുവാനും, ദൈവവചനം ദിവസേന ശ്രദ്ധാപൂർവ്വം വായിക്കുവാനും, ധ്യാനിക്കുവാനും, ജീവിതത്തിലെ ചെറുതും വലുതുമായ എല്ലാ ചെയ്തികളെയും

വചനത്തിന്റെ ചൈതന്യത്തിൽ രൂപപ്പെടുത്തുവാനുമുള്ള ശ്രമമാണ് യഥാർത്ഥ വചനോപാസന. വെറും യാന്ത്രികമായ വചനവായനയിൽ മാത്രം നമ്മുടെ ഈ വചനൗത്സുക്യത്തെ പരിമിതപ്പെടുത്താതെ, വചനം നമ്മുടെ മുഴുവൻ ജീവിത യാഥാർത്ഥ്യങ്ങളെയും വ്യാഖ്യാനിക്കുവാനുള്ള ഒരു സമർപ്പണമായി നമ്മുടെ ജീവിതങ്ങൾ മാറണം. നമ്മുടെ വ്യക്തിപരമായ ജീവിതത്തിലും കുടുംബങ്ങളിലും ഇടവകയിലെ വിവിധ ആത്മീയ കൂട്ടായ്മകളിലും ഈ ഒരു വചനാഭിമുഖ്യം രൂഢമൂലം ആകുവാൻ നമുക്ക് പരിശ്രമിക്കാം. കൂടാതെ, ഈയൊരു വർഷം വചനം പ്രത്യേകമായി പഠിക്കുവാനും പങ്കുവയ്ക്കുവാനുമുള്ള ഒരു പരിശീലനത്തിനും നമുക്ക് സന്നദ്ധരാകാം.

ദൈവത്തിൻറെ വലിയ പരിപാലനയിൽ ഈ വർഷം നമ്മുടെ ഭദ്രാസനത്തിനുവേണ്ടി 6 പുതിയ വൈദികരെ നമുക്ക് ലഭിച്ചു. നവ വൈദികരെ സ്നേഹപൂർവ്വം നമുക്ക് നമ്മുടെ ശുശ്രൂഷാവേദികളിലേക്ക് സ്വാഗതം ചെയ്യാം. കാര്യക്ഷമമായ ഭദ്രാസനശുശ്രൂഷക്കുള്ള പ്രധാന തടസ്സമായി മതിയായ വൈദികരുടെ അഭാവം ഇപ്പോഴും നമ്മുടെ ഭദ്രാസനത്തിൽ നിലനിൽക്കുന്നു. സെമിനാരിയിലേക്കും സന്യസ്ത സമൂഹങ്ങളിലേക്കും ഉള്ള പ്രവേശനത്തിന്റെ സമയമാണല്ലോ ഇത്. യോഗ്യതയുള്ള, താല്പര്യമുള്ള, തങ്ങളുടെ ദൈവവിളി തിരിച്ചറിഞ്ഞ യുവാക്കളെയും യുവതികളെയും ഈ പ്രധാനപ്പെട്ട വിളി പിൻ ചെല്ലുവാനുള്ള പ്രോത്സാഹനവും പിന്തുണയും പ്രാർത്ഥനയും മാതാപിതാക്കളും കുടുംബാംഗങ്ങളും ഇടവക സമൂഹവും ഔദാര്യപൂർവ്വം നൽകണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ തീരുമാനപ്രകാരം 2025 ഏപ്രിൽ മാസം മുതൽ വിശുദ്ധ കുർബാനയുടെ ധർമ്മം കുറഞ്ഞത് 150 രൂപയായി നിശ്ചയിച്ചിരിക്കുന്ന വിവരവും അറിയിക്കുന്നു.

വിശുദ്ധ നോമ്പിൻറെ തുടർന്നുള്ള ദിവസങ്ങളും നാമേവർക്കും അനുഗ്രഹീതമായ സമയമായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമ്മുടെ കർത്താവിൻറെ രക്ഷാകര വേദനകളെ അനുസ്മരിക്കുന്ന ഹാശാ ആഴ്ചയും ആ ആഴ്ചയിലെ ശുശ്രൂഷകളും നമ്മുടെ വ്യക്തിപരവും കുടുംബപരവുമായ വിശുദ്ധീകരണത്തിനുള്ള അവസരമായി നമുക്ക് സ്വീകരിക്കാം. ആഴമുള്ള വിശ്വാസത്തിന്റെയും, എല്ലാ ജീവിതപരിമിതികളെയും അതിലംഘിക്കുന്ന പ്രത്യാശയുടെയും ആഘോഷമായി ഉയിർപ്പ് തിരുനാളിനെ നമുക്ക് വരവേൽക്കാം. എല്ലാവർക്കും അനുഗ്രഹീതമായ ഉയിർപ്പ് തിരുനാൾ ഞാൻ സ്നേഹപൂർവ്വം ആശംസിക്കുന്നു.

കാരുണ്യവാനായ ദൈവം നാമേവരെയും നമ്മുടെ കുടുംബങ്ങളെയും നമ്മുടെ കൂട്ടായ്മകളെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. പരിശുദ്ധ ദൈവമാതാവിന്റെയും, വിശിഷ്യാ നമ്മുടെ ഭദ്രാസനത്തിന്റെ സ്വർഗീയ മധ്യസ്ഥയായ കൽക്കട്ടായിലെ വിശുദ്ധ തെരേസായുടെയും മാധ്യസ്ഥവും സംരക്ഷണവും നമുക്ക് ബലമായിരിക്കട്ടെ.

സസ്നേഹം,



+ തോമസ് മാർ യൗസേബിയോസ്
പാറശ്ശാല രൂപതാധ്യക്ഷൻ

---

ഈ സർക്കുലർ 2025 മാർച്ച് മാസം മുപ്പതാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ദേവാലയങ്ങളിലും മിഷൻ കേന്ദ്രങ്ങളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.